ഫണ്ടിന്റെ അപര്യാപ്തതയാണ് പ്രസ്തുത നിർദ്ദേശം നടപ്പിലാക്കുന്നതിനുള്ള തടസ്സം. അതിനാൽ പ്രസ്തുത നിർദ്ദേശം നടപ്പിലാക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായത്തിനായി വിശദമായ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര സഹായം ലഭിക്കുന്ന മുറയ്ക്ക് ബയോമെട്രിക് അധിഷ്ഠിത ഇ.പി.ഡി.എസ്. സംവിധാനം സംസ്ഥാനത്ത് നടപ്പിലാക്കാൻ കഴിയും.

വലിയപറമ്പ ദ്വീപ് പഞ്ചായത്തിൽ മാവേലി സ്റ്റോർ

83 (1652) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ വലിയപറമ്പദ്വീപ് പഞ്ചായത്തിൽ മാവേലി സ്റ്റോർ അനുവദിക്കുന്നതിന് വേണ്ടിയുള്ള നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തൃക്കരിപ്പൂർ മണ്ഡലത്തിലെ വലിയപറമ്പ ഗ്രാമപഞ്ചായത്തിൽ മാവേലി സ്റ്റോർ തുടങ്ങുന്നതിന് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ പഞ്ചായത്ത് ലഭ്യമാക്കിയിട്ടില്ല: പഞ്ചായത്ത് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് സാധ്യതാപഠനം നടത്തി സാമൂഹികമായും വാണിജ്യപരമായും അനുയോജ്യമാണെന്നുകണ്ടാൽ പുതിയ മാവേലി സ്റ്റോറുകൾ അനുവദിക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

പാചക വാതക സിലിണ്ടറുകൾ നൽകുന്നതിനുള്ള കാലതാമസം

84 (1655) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പാചകവാതക സിലിണ്ടറുകൾ വിതരണം ചെയ്യുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പാചകവാതക സിലിണ്ടറുകളിൽ രേഖപ്പെടുത്തിയിരിക്കുന്നത്ര തൂക്കം സിലിണ്ടറുകളിൽ ഇല്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതു പരിശോധിക്കുന്നതിനായി ഇടയ്ക്കിടെ വിതരണത്തിനായി സൂക്ഷിച്ചിട്ടുള്ള പാചക വാതക സിലിണ്ടറുകൾ പരിശോധിക്കുന്നതിനായി പ്രത്യേകം സ്ക്വാഡുകളെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. കാലതാമസം ഒഴിവാക്കി നിശ്ചിത സമയത്തിനുള്ളിൽ തന്നെ സിലിണ്ടറുകൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്ന് ഓയിൽ കമ്പനികൾക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly